**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4428** **18-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ രംഗത്ത് വൈവിധ്യമാർന്ന പദ്ധതികൾ 2025-ൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ രംഗത്ത് സംസ്ഥാനം നേടിയിട്ടുള്ള പുരോഗതി ലോകത്തിന് മുന്നിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>ജോർദ്ദാനിൽ വച്ച് 2024 ഏപ്രിൽ 28, 29, 30 തീയതികളിൽ നടന്ന 11-ാംമത് ഏഷ്യാ-പസഫിക്ക് രാജ്യങ്ങളിലെ സഹകരണ മന്ത്രിമാരുടെ കോൺഫറൻസ്, ഇന്റർ നാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസും അതിന്റെ ഏഷ്യാ പസഫിക് റീജിയനും ജോർദ്ദാനിലെ സഹകരണ വകുപ്പും ചേർന്ന് സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ സഹകരണ മേഖലയിലെ നേട്ടങ്ങൾ, അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലയൻസ്-ന്റെ ഉച്ചകോടിയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനങ്ങളെ ഐ.സി.എ. ഏഷ്യാ പസഫിക് ഭാരവാഹികൾ അഭിനന്ദിക്കുകയുണ്ടായി.<br><br>അന്തർ ദേശീയ സഖ്യവും (ICA) European Co-operative Research Institute-ഉം ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2023-ൽ പ്രസിദ്ധീകരിച്ച World Co-operative Monitor Report പ്രകാരം കേരള ബാങ്കിന് ഏഷ്യയിൽ ഒന്നാം സ്ഥാനവും ലോകത്ത് എട്ടാം സ്ഥാനവുമാണ്. Turnover, GDP, Per Capita അടിസ്ഥാനത്തിൽ ധനകാര്യ സേവന മേഖലയിലെ പ്രവർത്തനത്തിനാണ് ബാങ്കിന് അംഗീകാരം ലഭിച്ചത്. കൂടാതെ വായ്പ ബാക്കി നിൽപ്പ് 2024 ഡിസംബറിൽ 50000/- കോടി രൂപ പിന്നിടുന്ന ഇന്ത്യയിലെ ആദ്യ സഹകരണ ബാങ്ക് എന്ന ചരിത്ര നേട്ടം കേരള ബാങ്ക് കൈവരിച്ചിരിക്കുകയാണ്. |
| (ബി) | 2025-നെ അന്താരാഷ്ട്ര സഹകരണ വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ | (ബി) | ഉണ്ട്. |

| | |
|---|---|
| ഈ വർഷം സഹകരണ രംഗത്ത് കൂടുതൽ വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | 2025-ലെ അന്താരാഷ്ട്ര സഹകരണ വർഷമായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വർഷം സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി രൂപം നൽകിയിട്ടുള്ള സഹകരണ വകുപ്പിന്റെ പരിഗണനയിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സഹകരണ മാന്വൽ പ്രസിദ്ധീകരണം.<br><br>സഹകരണ വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള പുതിയ പരിശീലന മൊഡ്യൂൾ (മികവ്).<br><br>സഹകരണ സ്ഥാപനങ്ങളിലെ സഹകരണ വകുപ്പിന്റെ പരിശോധനകൾ സമഗ്രവും കാര്യക്ഷമവുമായി നടത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം.<br><br>കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളിലുള്ള സഹകരണ സംഘങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണി ഉൾക്കൊള്ളുന്ന കോ-ഓപ്പറേറ്റീവ് എക്സ്പോ-2025.<br><br>കേരളത്തെ മാലിന്യവിമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി വകുപ്പുതല പരിപാടികളും, കോ-ഓപ്പറേറ്റീവ് എക്സ്പോ 2025-ന്റെ പ്രചരണ പരിപാടികളും.<br><br>സഹകരണ സംഘങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ സമഗ്രമായ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം Coop Kerala യുടെ കീഴിൽ ബ്രാൻഡ് ചെയ്യുകയും അന്താരാഷ്ട്ര വിപണികളിലൂടെയുള്ള സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനവും.<br><br>സഹകരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന അന്താരാഷ്ട്ര വിദഗ്ധരുടെ പങ്കാളിത്തത്തോടെയുള്ള സെമിനാറുകൾ.<br><br>ആയുഷ് മിഷനുമായി സഹകരിച്ച് മാതൃപരിചരണം, നവജാത ശിശു സംരക്ഷണം, വയോജന പരിചരണം എന്നിവയിലെ വൈദഗ്ധ്യത്തിന് ഊന്നൽ നൽകി വനിതാഫെഡിന്റെ നേതൃത്വത്തിൽ വനിതാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനുള്ള സഖി പദ്ധതി. |

| | | | |
|---|---|---|---|
| | | | സഹകരണ ഫെഡറേഷനുകളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളം മിതമായ നിരക്കിൽ മെച്ചപ്പെട്ട നിലവാരത്തിലുള്ള എലൈറ്റ്, ലൈറ്റ് കോഫി ഷോപ്പുകൾ.<br><br>പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം, സംസ്കരണം, വിപണന സഹകരണ സംഘങ്ങളുടെ കീഴിൽ ആധുനിക റൈസ് മില്ലുകളുടെ സ്ഥാപനം.<br><br>സംസ്ഥാനത്തെ 14 ജില്ലകളിലും, ലൈഫ് മിഷനും ജില്ലാ കളക്ടർമാരും ശുപാർശ ചെയ്ത സ്ഥലങ്ങളിൽ, വെള്ളപ്പൊക്കത്തിലും മറ്റ് പ്രകൃതി ദുരന്തങ്ങളിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ കെയർഹോം പദ്ധതിയുടെ രണ്ടാംഘട്ടമായി സഹകരണ സംഘങ്ങളുടെ പിന്തുണയോടെ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം.<br><br>മൈക്രോ ഫിനാൻസ് മേഖലയിലെ അനാരോഗ്യകരമായ പ്രവണതകൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് RECOOP എന്ന പദ്ധതിയുടെ ആവിഷ്കരണം.<br><br>പൊതുജനങ്ങൾക്കും കർഷകർക്കും സഹകരണ സ്ഥാപനങ്ങൾക്കും നേരിട്ട് ഉൽപ്പന്നങ്ങൾ വാങ്ങാനും വിൽക്കാനുമുള്ള വേദിയൊരുക്കി സഹകരണ മേഖലയെ മെച്ചപ്പെടുത്തുന്നതിനായി അങ്ങാടി കേരള ആപ്പ് എന്ന മൊബൈൽ ആപ്ലിക്കേഷന്റെ രൂപകൽപ്പന.<br><br>ഉയർന്ന ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, പഴവർഗ്ഗങ്ങളുടെ കയറ്റുമതി, മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കേരളത്തെ ഇന്ത്യയുടെ ഹോർട്ടികൾച്ചർ ഹബ്ബായി മാറ്റുക.<br><br>സഹകരണ മേഖലയിലെ ചെലവ് കുറഞ്ഞ ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്ന 'Co-op Home' പദ്ധതി.<br><br>കശുമാങ്ങ ഉപയോഗിച്ച് ഫെനി ഉൽപ്പാദിപ്പിക്കുന്നതിനും, കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ സഹായിക്കുക. |
| (സി) | മാറുന്ന കാലത്തിനനുസരിച്ച് സഹകരണ രംഗത്തെ നവീകരിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | ഉണ്ട്.<br><br>സംസ്ഥാനത്തെ സഹകരണ മേഖലയെ നവീകരിക്കുന്നതിനും സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും ടി രംഗത്തെ ന്യൂനതകൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനുമായി 2023-ൽ കേരള സഹകരണ സംഘം നിയമം ഭേദഗതി ചെയ്യുകയും ടി നിയമത്തിനു അനുസൃതമായി ചട്ടഭേദഗതി നടത്തുകയും ചെയ്തു. കൂടാതെ ഓൺലൈൻ സംവിധാനങ്ങളായ സംഘം രജിസ്ട്രേഷൻ (ICDMS) ബൈലാ ഭേദഗതി, സംഘത്തിലെ പരിശോധനകൾ (CIMA) എന്നിവയും Team Audit 20 നടപ്പിലാക്കിയിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയുണ്ടായി. അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് **GAAP** യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളുമായി വകുപ്പ് മുന്നോട്ട് പോകുകയാണ്**.**<br><br>കൺസ്യൂമർഫെഡ് പോലെയുള്ള അപ്പക്സ് സംഘങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് കാര്യക്ഷമവും വേഗത്തിലും ആക്കുന്നതിലേക്കായി റിസ്ക് ബെയ്സ്ഡ് ഓഡിറ്റും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ